"ഭരണഭാഷ മാതൃഭാഷ"

WEC4-9294/21

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി: 30.06.2021
ഇ-മെയിൽ: directorate.wcd@kerala.gov.in
ഫോൺ നം: 0471-2346534.

വനിത ശിശു വികസന ഡയറക്ടർ,

എല്ലാ ജില്ല വനിതാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും,
എല്ലാ പ്രോഗ്രാം ഓഫീസർ മാർക്കും, District ICDS Cell
എല്ലാ വനിതാ സംരക്ഷണ ഓഫീസർമാർക്കും,
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും.

സർ,

വിഷയം: വനിതാ ശിശു വികസന വകുപ്പ്- സ്ത്രീ സുരക്ഷയ്ക്കായുള്ള ക്യാമ്പയിൻ- സംഘടിപ്പിക്കുന്നത്- അങ്കണവാടി വർക്കർമാർ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർക്കായി പരിശീലനം സംഘടിപ്പിക്കുന്നത് സംബ.

സൂചന: 1. 17.06.2021 തീയതിയിലെ സ.ഉ.(സാ.ധാ)നം.318/2021/സാ.നീ.വ. നം സർക്കാർ ഉത്തരവ്.

2. വനിതാ ശിശു വികസന ഡയറക്ടറുടെ അധ്യക്ഷതയിൽ കൂടിയ മീറ്റിംഗ്.

സ്ത്രീ സുരക്ഷ സംബന്ധിച്ച് പൊതുജനങ്ങൾ, വകുപ്പ് ഉദ്യോഗസ്ഥർ, എന്നിവർക്ക് അവബോധം സൃഷ്ടിക്കുന്നതിനായി വിപുലമായ ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിന് സൂചന പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി **03.07.2021 തീയതിയിൽ രാവിലെ 10 മുതൽ ഉച്ചക്ക് 1 വരെ** Dowry Prohibition, Domestic Violence, Systems available for women in distress എന്നീ വിഷയങ്ങൾ സംബന്ധിച്ച് വകുപ്പിലെ ഉദ്യോഗസ്ഥർക്കും അങ്കണവാടി പ്രവർത്തകർക്കും ഓൺലൈൻ ആയി orientation നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിനുള്ള ലിങ്ക് ഇതോടൊപ്പം നൽകുന്നു. പ്രസ്തുത പരിശീലന പരിപാടിയിൽ വകുപ്പിലെ എല്ലാ അങ്കണവാടി വർക്കർമാരും, ഹെൽപ്പർമാരും, വകുപ്പിലെ മറ്റു ഉദ്യോഗസ്ഥരെയും പങ്കെടുക്കേണ്ടതാണ്.

ഓരോ ജില്ലയിൽ നിന്നും ICDS പ്രോഗ്രാം ഓഫീസറും, ആറ് അങ്കണവാടി പ്രവർത്തകരും ഇതോടൊപ്പമുള്ള ലിങ്ക് പ്രകാരം Zoom app വഴി orientation ൽ പങ്കെടുക്കേണ്ടതും മറ്റുള്ള എല്ലാ അങ്കണവാടി പ്രവർത്തകരും വകുപ്പ് ജീവനക്കാരും വകുപ്പിന്റെ You tube ചാനൽ മുഖേന തത്സമയം പരിശീലനത്തിൽ പങ്കെടുക്കേണ്ടതുമാണ്. ആയതിന്റെയും ലിങ്ക് ഇതോടൊപ്പം നൽകുന്നു.

സമ്പൂർണ്ണ സ്ത്രീസുരക്ഷ ഉറപ്പ് വരുത്തുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന പരിശീലന പരിപാടി ആയതിനാൽ വകുപ്പിലെ എല്ലാ ജീവനക്കാരും പങ്കെടുക്കേണ്ടതാണ്. ഓരോ തലങ്ങളിലെയും ഓഫീസ് മേധാവികൾ അവരവരുടെ അധികാര പരിധിയിൽപ്പെടുന്ന എല്ലാ ജീവനക്കാരും അങ്കണവാടി പ്രവർത്തകരും പരിശീലനത്തിൽ പങ്കെടുത്തതായി ഉറപ്പ് വരുത്തേണ്ടതും, ഹാജർ രേഖപ്പെടുത്തേണ്ടതുമാണ്.

വിശ്വസ്തതയോടെ,

വനിതാ ശിശു വികസന ഡയറക്ടർക്കു വേണ്ടി